പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2019-2021)

## പതിനെട്ടാമത് റിപ്പോർട്ട്

**(2017 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)**

(2019 ജൂലൈ മാസം 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2019

പതിനാലാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2019-2021)

## പതിനെട്ടാമത് റിപ്പോർട്ട്

**(2017 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)**

(2019 ജൂലൈ മാസം 4-ാം തീയതി സഭയിൽ സമർപ്പിച്ചത്)

755/2019.

# ഉള്ളടക്കം


| | | | |
|---|---|---|---|
| | | | *പേജ്* |
| സമിതിയുടെ ഘടന | | : | v |
| അവതാരിക | | : | vii |
| റിപ്പോർട്ട് | | : | 1 |
| അനുബന്ധം I .. | നടപടി അവസാനിപ്പിച്ച ഫയലുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | : | 21 |
| അനുബന്ധം II .. | സർക്കാരിൽ നിന്നും അന്തിമമറുപടി ലഭിക്കാത്തതിനാൽ തീർപ്പാകാത്ത നിവേദനങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | : | 27 |

# പരിസ്ഥിതി സംബന്ധിച്ച സമിതി (2019-2021)

## ഘടന

<u>അദ്ധ്യക്ഷൻ:</u>

ശ്രീ. മുല്ലക്കര രത്നാകരൻ.

<u>അംഗങ്ങൾ:</u>

ശ്രീ. അനിൽ അക്കര

ശ്രീ. പി. വി. അൻവർ

ശ്രീ. കെ. ബാബു

ശ്രീ. ഒ. ആർ. കേളു

ശ്രീ. പി. ടി. എ. റഹീം

ശ്രീ. കെ. എം. ഷാജി

ശ്രീ. കെ. വി. വിജയദാസ്

ശ്രീ. എം. വിൻസെന്റ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. സി. ജോസ്, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. രാജു കെ. എ., ജോയിന്റ് സെക്രട്ടറി

ശ്രീ. ജി. എസ്. സുരേഷ് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

2017 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെയുള്ള കാലയളവിലെ സമിതിയുടെ പ്രവർത്തനം സംബന്ധിച്ചുള്ളതാണ് ഈ റിപ്പോർട്ട്. റിപ്പോർട്ട് കാലയളവിൽ സമിതിക്ക് ലഭിച്ച നിവേദനങ്ങൾ, നിവേദനങ്ങളിന്മേൽ ലഭിച്ച സർക്കാർ റിപ്പോർട്ടുകൾ സംബന്ധിച്ച സമിതിയുടെ തീരുമാനങ്ങൾ, ശിപാർശകൾ, നടപടി അവസാനിപ്പിച്ച ഫയലുകൾ, അന്തിമ മറുപടി ലഭിക്കാത്തതിനാൽ തീർപ്പാക്കാൻ കഴിയാത്ത ഫയലുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്. സർക്കാർ ലഭ്യമാക്കിയ നടപടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സമിതി തീരുമാനപ്രകാരവും അവസാനിപ്പിച്ച ഫയലുകളുടെ വിശദാംശം ഈ റിപ്പോർട്ടിന്റെ അനുബന്ധം I ആയും സർക്കാരിൽ നിന്നും അന്തിമ മറുപടി ലഭ്യമാക്കാത്തതിനാൽ യഥാസമയം തീർപ്പാക്കാൻ കഴിയാത്ത നിവേദനങ്ങൾ സംബന്ധിച്ച വിശദാംശം അനുബന്ധം II ആയും ഈ റിപ്പോർട്ടിൽ ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2019 ജൂൺ 26-ന് കൂടിയ സമിതി യോഗം അംഗീകരിച്ചു.

തിരുവനന്തപുരം,
2019 ജൂൺ 26.

മുല്ലക്കര രത്നാകരൻ,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

# റിപ്പോർട്ട്

ജനാധിപത്യ വ്യവസ്ഥയിൽ പൗരന്റെ അവകാശം സംരക്ഷിക്കപ്പെടുന്നതിൽ നിയമസഭാ സമിതികളുടെ പങ്ക് നിർണ്ണായകമാണ്. പരിസ്ഥിതി സംബന്ധിച്ച വിഷയങ്ങളിൽ രാജ്യത്തിനാകെ മാതൃകയായി മാറിയ നിയമനിർമ്മാണങ്ങളാണ് കേരള നിയമസഭയുടേത്. പരിസ്ഥിതി പ്രശ്നങ്ങളിൽ സജീവവും ക്രിയാത്മകവുമായ ഇടപെടലുകളാണ് 1992 ജൂലൈ 27-ാം തീയതി രൂപീകൃതമായ കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി നടത്തിയിട്ടുള്ളത്. സംസ്ഥാനത്തെ പരിസ്ഥിതി പ്രശ്നങ്ങൾ സൂക്ഷ്മമായി വിലയിരുത്തി അവയുള്ള പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യുക എന്നതാണ് സമിതിയുടെ പ്രധാന കർത്തവ്യം. വിവിധതരം മലിനീകരണംമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ, കാവുകൾ, പുഴകൾ, നെൽവയലുകൾ, തണ്ണീർത്തടങ്ങൾ തുടങ്ങി ഗൗരവമായി പരിപാലിക്കപ്പെടേണ്ട വിഭവ സ്രോതസ്സുകളുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ച് ലഭിക്കുന്ന നിവേദനങ്ങൾ പരിഗണിക്കുക, വാർത്താ മാദ്ധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെടുന്ന പ്രശ്നങ്ങളിൽ സ്വമേധയാ ഇടപെടുക എന്നിവ സമിതിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുന്നു. പൊതുപ്രാധാന്യമുള്ള പരിസ്ഥിതി വിഷയങ്ങൾ സ്വമേധയാ പഠനവിധേയമാക്കുകയും സമിതിയ്ക്ക് ലഭിക്കുന്ന നിവേദനങ്ങളിന്മേൽ ആവശ്യമെങ്കിൽ സ്ഥലം നേരിട്ട് സന്ദർശിച്ച് സ്ഥിതി വിലയിരുത്തുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും പൊതുജനങ്ങളിൽനിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്യുന്നു. ഇപ്രകാരമുള്ള പഠനത്തിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കുക എന്നതാണ് സമിതിയുടെ ചുമതല.

സമിതിയുടെ ആഭ്യന്തര പ്രവർത്തനചട്ടം 2012 ഒക്ടോബർ 1-ന് നിലവിൽ വന്നു.

2. 2017, 2018 വർഷങ്ങളിൽ സമിതിക്ക് 112 നിവേദനങ്ങൾ ലഭിച്ചു. നിവേദനങ്ങളിൽ ഭൂരിഭാഗവും വിവിധതരം മലിനീകരണങ്ങൾമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക അസന്തുലിതാവസ്ഥ സംബന്ധിച്ചും അമിതമായ പ്രകൃതിചൂഷണംമൂലം പ്രകൃതിക്കുണ്ടാകുന്ന കെടുതികൾ സംബന്ധിച്ചുമാണ്. ബന്ധപ്പെട്ട സർക്കാർ ഓഫീസുകളിൽ നിരന്തരമായി പരാതി കൊടുത്തിട്ടും പ്രശ്നപരിഹാരം ഉണ്ടാകാതെ വരുമ്പോൾ അവസാന ആശ്രയമെന്ന നിലയിലാണ് ജനങ്ങൾ സമിതിയെ സമീപിക്കുന്നത്. അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങളിൽ അധികാര സ്ഥാനങ്ങളിൽ പരാതിപ്പെട്ടില്ലെങ്കിൽപ്പോലും സമിതിക്ക് ലഭിക്കുന്ന നിവേദനങ്ങളിൽ നടപടി സ്വീകരിക്കാറുണ്ട്. അടിയന്തര റിപ്പോർട്ടിനായി സർക്കാരിലേക്ക് അയച്ചുകൊടുക്കുന്ന നിവേദനങ്ങളിന്മേൽ ലഭിക്കുന്ന റിപ്പോർട്ട് സമിതി പരിഗണിക്കുകയും തൃപ്തികരമല്ലാത്ത മറുപടികളിന്മേൽ അധികവിവരം ആവശ്യപ്പെടുകയും ചെയ്യുന്നു. കൂടുതൽ വിശദീകരണം ആവശ്യമായ കാര്യങ്ങളിലും നടപടി റിപ്പോർട്ട് ലഭ്യമാക്കാൻ കാലതാമസം വരുത്തുന്ന സംഗതികളിലും ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരെ വിളിച്ചുവരുത്തി സമിതി തെളിവെടുപ്പ് നടത്തുന്നു.

3. നിവേദനങ്ങളിന്മേൽ സമയബന്ധിതമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനും സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി വിവരം അറിയിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ വേണ്ടത്ര ശ്രദ്ധ കാണിക്കുന്നില്ല എന്നത് സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സമാകുന്നുണ്ട്.

4. പതിനാലാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019) 2016 ജൂലൈ 25-ന് രൂപീകൃതമായി. റിപ്പോർട്ട് കാലയളവിൽ സമിതി 23 തെളിവെടുപ്പ് യോഗങ്ങളും സമിതിയുടെ അഖിലേന്ത്യാ പര്യടനപരിപാടിയുമായി ബന്ധപ്പെട്ട 8 യോഗങ്ങളും ഉൾപ്പെടെ 64 യോഗങ്ങൾ ചേരുകയുണ്ടായി. റിപ്പോർട്ട് കാലയളവിൽ സമിതി 15 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു.

5. പരിസ്ഥിതി സംബന്ധിച്ച സമിതി 2017 ജനുവരി 1 മുതൽ 2018 ഡിസംബർ 31 വരെയുള്ള കാലയളവിൽ സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| റിപ്പോർട്ട് നമ്പർ | വിഷയം | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|
| 1 | 2 | 3 |
| 1 | മൂന്നാറിലെ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | 13-3-2017 |
| 2 | കോട്ടയം ജില്ലയിലെ കോട്ടമല കുറിഞ്ഞിക്കുമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | 14-3-2017 |
| 3 | കോവളം വിഴിഞ്ഞം ഏരിയ ഡെവലപ്പ്മെന്റ് സ്കീം സംബന്ധിച്ച കരട് റിപ്പോർട്ടിന്മേലുള്ള സമിതിയുടെ റിപ്പോർട്ട് | 24-5-2017 |
| 4 | 2016-ലെ ജനറൽ റിപ്പോർട്ട് (2016 ജനുവരി 1 മുതൽ ഡിസംബർ 31 വരെ സമിതി പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്) | 24-5-2017 |
| 5 | ഭാരതപ്പുഴയുടെ മലിനീകരണവും സംരക്ഷണവും സംബന്ധിച്ച സമിതിയുടെ പ്രത്യേക റിപ്പോർട്ട് | 23-8-2017 |
| 6 | മൺറോത്തുരുത്ത് ഗ്രാമപഞ്ചായത്ത് നേരിടുന്ന ഗുരുതരമായ പാരിസ്ഥിതികാഘാതം സംബന്ധിച്ചുള്ള പ്രത്യേക റിപ്പോർട്ട് | 6-2-2018 |

| 1 | 2 | 3 |
|---|---|---|
| 7 | ചവറയിലെ കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ് മൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | 6-2-2018 |
| 8 | കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | 6-2-2018 |
| 9 | താമരശ്ശേരി ചുരം നേരിടുന്ന മലിനീകരണ പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | 6-2-2018 |
| 10 | വിദ്യാർത്ഥികളിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിനുള്ള പാഠ്യപദ്ധതിയുടെ ആവശ്യകത സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | 6-2-2018 |
| 11 | 'ഓഖി' ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ കേരളത്തിന്റെ തീരദേശം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | 3-4-2018 |
| 12 | വെള്ളായണി കായൽ നേരിടുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | 3-4-2018 |
| 13 | മൂക്കുന്നിമലയിലെ പാറക്വാറി/ക്രഷർ യൂണിറ്റുകൾമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് | 3-4-2018 |
| 14 | വേമ്പനാട് തണ്ണീർത്തട സംരക്ഷണം സംബന്ധിച്ച സമിതിയുടെ സ്വതന്ത്ര പഠന റിപ്പോർട്ട് | 21-6-2018 |
| 15 | ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടുള്ള പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ചുള്ള പ്രത്യേക റിപ്പോർട്ട് | 12-12-2018 |

6. പരിസ്ഥിതി നശീകരണത്തിനെതിരെ പൊതുജനങ്ങളോ സംഘടനകളോ നൽകുന്ന പരാതികളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ യഥാസമയം മറുപടി നൽകാതിരിക്കുന്നതോ മറുപടികൾ തൃപ്തികരമല്ലാത്തതോ ആയ കാരണങ്ങളാൽ നിവേദനങ്ങളിൽ തീർപ്പ് ഉണ്ടാക്കുവാൻ വളരെയധികം കാലതാമസം ഉണ്ടായിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നും ഇക്കാര്യത്തിൽ ഉണ്ടാകുന്ന അനാസ്ഥ സമിതി ഗൗരവമായി കണ്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിയമസഭാ ചട്ടപ്രകാരം സർക്കാരിൽ

നിന്നും വിശദീകരണം ആവശ്യപ്പെട്ടാൽ പരമാവധി 30 ദിവസത്തിനുള്ളിൽ സമിതിക്ക് മറുപടി നൽകേണ്ടതാണ്. മറുപടി നൽകാൻ വർഷങ്ങളെടുക്കുന്നത് നീതീകരിക്കാനാവില്ലെന്നത് സർക്കാർ വകുപ്പുകളെ സമിതിക്ക് ഓർമ്മിപ്പിക്കേണ്ടിവന്നിട്ടുണ്ട്. നിവേദനങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ കാണണമെന്നും നിവേദനങ്ങളിന്മേൽ സ്വീകരിച്ച വകുപ്പുതല നടപടികൾ ഉൾക്കൊള്ളുന്ന റിപ്പോർട്ടും സമിതി ആവശ്യപ്പെടുന്ന അധിക വിവരങ്ങളും സമിതിയുടെ പ്രവർത്തന ചട്ടങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്.

7. സമിതിയുടെ 21-12-2016-ലെ തെളിവെടുപ്പ് യോഗത്തിൽ സമിതിക്കാവശ്യമായ വിവരം നൽകുവാൻ റവന്യൂ വകുപ്പിനെ പ്രതിനിധീകരിച്ച ഉദ്യോഗസ്ഥർക്ക് കഴിഞ്ഞില്ല. ആവശ്യമായ തയ്യാറെടുപ്പില്ലാതെ തെളിവെടുപ്പ് യോഗത്തിൽ ഹാജരായതായി സമിതിക്ക് ബോദ്ധ്യമാകുകയും ഇത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി കണക്കാക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുവാൻ ചീഫ് സെക്രട്ടറിയോട് സമിതി ആവശ്യപ്പെട്ടു. റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി 12-5-2017 തീയതിയായി സമർപ്പിച്ച 55123/പി2/16/റവ. നമ്പർ കത്തിൽ, റവന്യൂ വകുപ്പ് ഓഫീസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയതിനെത്തുടർന്ന് വന്ന കാലതാമസം കൊണ്ടാണ് റിപ്പോർട്ട് സമർപ്പിക്കുന്നതിൽ മനഃപൂർവ്വമല്ലാത്ത വീഴ്ച വന്നതെന്നും അത് മാപ്പാക്കണമെന്നും സമിതിയോട് അഭ്യർത്ഥിച്ചു. നിയമസഭാ സമിതികളുടെ തെളിവെടുപ്പ് യോഗങ്ങളിൽ സർക്കാരിനുവേണ്ടി ഹാജരാകുന്ന ഉദ്യോഗസ്ഥർ വിഷയം വിശദമായി പഠിച്ച് സമിതി ആവശ്യപ്പെടുന്ന ലഭ്യമായ വിവരങ്ങൾ നൽകേണ്ടതാണെന്നും ഇക്കാര്യത്തിൽ വീഴ്ചയുണ്ടാകുകയാണെങ്കിൽ കർശന നടപടികൾ സ്വീകരിക്കണമെന്നും സൂചിപ്പിച്ചുകൊണ്ട് പൊതുവായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നിർദ്ദേശം പാർലമെന്ററികാര്യ വകുപ്പിന് നൽകിയിട്ടുണ്ടെന്നുള്ള വിവരവും പ്രസ്തുത കത്തിൽ വിശദീകരിച്ചിരുന്നു. സമിതിയുടെ 26-10-2017-ലെ യോഗം പ്രസ്തുത വിശദീകരണം അംഗീകരിച്ചു

8. സമിതിക്ക് ലഭ്യമാക്കുന്ന ഗവൺമെന്റ് റിപ്പോർട്ടുകൾ ജോയിന്റ് സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണെന്നും പ്രസ്തുത ഉദ്യോഗസ്ഥന്റെ പേരും ഔദ്യോഗിക മേൽവിലാസവും വ്യക്തമായി ചേർത്തിരിക്കണമെന്നും സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള മറുപടികൾ ക്രമനമ്പർ, ശിപാർശ-നമ്പർ, ശിപാർശ, സ്വീകരിച്ച നടപടി എന്നിവ അടങ്ങുന്ന വിശദമായ സ്റ്റേറ്റ്മെന്റ് രൂപത്തിൽ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശം നൽകിയിട്ടുണ്ട്.

9. സമിതിയുടെ ഇടപെടൽമൂലം നിരവധി നിവേദനങ്ങൾക്ക് പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. സമിതിയുടെ കാര്യക്ഷമമായ ഇടപെടൽമൂലം അനുകൂല തീരുമാനമുണ്ടായ പ്രധാന നിവേദനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

**(i) കണ്ണൂർ ജില്ലയിലെ വളപട്ടണം പുഴയും പരിസരവും സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ധർമ്മൻ, കണ്ണൂർ സമർപ്പിച്ച ഹർജി സംബന്ധിച്ച്**

(ഫയൽ നമ്പർ 551/പരി.1/2010/നി.സെ.)

വളപട്ടണം പുഴപുറമ്പോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തിക്കൊണ്ട് പുഴയും പുഴയോരവും സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നു. ഈ വിഷയത്തിൽ പരിസ്ഥിതി, റവന്യ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

**പരിസ്ഥിതി വകുപ്പ്**

"പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർ പുഴയും പരിസരവും നേരിട്ട് പരിശോധിക്കുകയും പുഴയോരത്തെ മാലിന്യ നിക്ഷേപം നീക്കുന്നതിനും തുടർ മാലിന്യ നിക്ഷേപം ഒഴിവാക്കുന്നതിനും പഞ്ചായത്തിന് നിർദ്ദേശം നൽകുകയുമുണ്ടായി. ബോർഡിന്റെ നിർദ്ദേശാനുസരണം പുഴയോരത്തെ മാലിന്യ നിക്ഷേപം ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് 2010-2011, 2011-2012 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി പുഴയുടെ തീരങ്ങളിൽ കമ്പിവേലി കെട്ടി സംരക്ഷിച്ചിട്ടുണ്ട്. ഖരമാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടത് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണെങ്കിലും ആയതിനുള്ള പദ്ധതികളൊന്നും പഞ്ചായത്ത് നടപ്പാക്കിയിട്ടില്ല."

**റവന്യൂ വകുപ്പ്**

"ശ്രീ. പി. ധർമ്മൻ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീ. സജീവൻ, ചിറക്കൽ വില്ലേജ് ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ 2014 ജൂൺ മാസം താലൂക്ക് സർവ്വേയർ സ്ഥല പരിശോധന നടത്തി പരാതിക്കാരൻ കാണിച്ച ചിറക്കൽ അംശം പുഴാതി ദേശം റീ.സ.40-ൽപ്പെട്ട ഭൂമി അളന്ന് പരിശോധിച്ചതിൽ പുഴയുടെ അതിർത്തി കയ്യേറിയിട്ടില്ല എന്നും പുഴ പുറമ്പോക്ക് മുഴുവനായി അതിർത്തി നിർണ്ണയം നടത്തി സർവ്വേ കല്ലുകൾ പുനഃസ്ഥാപിക്കുക എന്നതിന് ഒരു സർവ്വെ ടീമിനെ നിയോഗിക്കണമെന്നും താലൂക്ക് സർവേയർ റിപ്പോർട്ട് ചെയ്തു. ഇവിടെ സർവേ കല്ലുകൾ നഷ്ടപ്പെട്ടതിനാൽ സർവ്വേ കല്ലുകൾ പുനഃസ്ഥാപിക്കുന്നതിന് ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട സർവ്വേയർമാരുടെ സഹായത്തോടെ 1.5 കി.മീ. അളന്നു. 30 വില്ലേജുകളിലെ സർവേ പ്രവർത്തനങ്ങളുടെ ചുമതലയിൽ താലൂക്ക് സർവ്വേയർ ഒരാൾ മാത്രമാണ് കണ്ണൂർ താലൂക്കിൽ ഉള്ളത് എന്നത് പ്രവർത്തനങ്ങളുടെ വേഗത കുറയ്ക്കുകയുണ്ടായി.

താലൂക്ക് സർവേയർ 2016 ഒക്ടോബർ മാസം വരെ അളന്ന് തിട്ടപ്പെട്ടുത്തിയ ഏകദേശം 2.5 കി.മീ. ദൂരത്തിന്റെ സ്കെച്ച് ചിറക്കൽ ഗ്രാമപഞ്ചായത്തിന് അയച്ചുകൊടുത്തു. തുടർന്ന് വളപട്ടണം പുഴ പുറമ്പോക്കിന്റെ അതിർത്തി നിർണ്ണയം നടത്തുന്നത് സംബന്ധിച്ച് ജനപ്രതിനിധികളും, രാഷ്ട്രീയ പാർട്ടി പ്രതിനിധികളും, ഉദ്യോഗസ്ഥരും അടങ്ങിയ യോഗം 28-1-2017-ന് ചിറക്കൽ പഞ്ചായത്ത് ഓഫീസിൽ വച്ച് കൂടുകയും ടി യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 9-2-2017-ന് തഹസീൽദാരുടെ നേതൃത്വത്തിൽ സ്ഥല പരിശോധന നടത്തിയതിൽ പുനഃസ്ഥാപിച്ച സർവ്വേ കല്ലുകൾ നഷ്ടപ്പെട്ടതായും കയ്യേറ്റം നടന്നതായും കണ്ടെത്തിയിട്ടുണ്ട്. അതിർത്തി നിർണ്ണയം നടത്തുന്നതിനൊപ്പം കോൺക്രീറ്റ് പോളുകൾ സ്ഥാപിച്ച് അതിർത്തി സംരക്ഷണം നടത്തുന്നതിനും പോളുകൾ ചിറക്കൽ പഞ്ചായത്ത് നിർമ്മിക്കുന്നതിനും കൂടാതെ പട്ടയ ഭൂമിയോട് ചേർന്ന ഭൂമി കയ്യേറിയിട്ടുള്ളവരുടെ ഭൂനികുതി തടയുന്നതിനുള്ള നടപടിയും പഞ്ചായത്ത് ലീസിന് നൽകിയിട്ടുള്ള ഭൂമിയോടൊപ്പം ഭൂമി കയ്യേറിയിട്ടുള്ള വ്യക്തികൾക്ക് ലൈസൻസ് പുതുക്കി നൽകുന്നത് നിർത്തിവെക്കുന്നതിനുമുള്ള നടപടിയും സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതായി കണ്ണൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

(ii) കോട്ടയത്തെ പരിസ്ഥിതി പ്രശ്നങ്ങളും പരിഹാരവും സംബന്ധിച്ച് ശ്രീ.ജോസഫ് ചാവറ, കോട്ടയം സമർപ്പിച്ച പരാതി സംബന്ധിച്ച്

(ഫയൽ നമ്പർ 3003/പരി.1/2010/നി.സെ.)

കോട്ടയത്തെ വേമ്പനാട് കായലിൽ ഉടനീളം സഞ്ചരിച്ചുകൊണ്ടിരിക്കുന്ന സ്പീഡ് ബോട്ടുകളും ഹൗസ്ബോട്ടുകളും പുറന്തള്ളുന്ന മാലിന്യങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും ഇതിനുവേണ്ട പരിഹാര മാർഗ്ഗങ്ങളുമാണ് നിവേദനത്തിൽ ഉന്നയിച്ചിരുന്നത്. ഹർജിയിന്മേൽ റവന്യൂ വകുപ്പിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

"കോട്ടയം ജില്ലയിൽ ഹൗസ്ബോട്ടുകളിൽ നിന്നുള്ള മലിനീകരണം നിയന്ത്രിക്കുന്നതിനായി മലിനീകരണ നിയന്ത്രണബോർഡിന്റെ അനുമതിയുള്ള ഹൗസ് ബോട്ടുകൾക്ക് മാത്രമേ ലൈസൻസ് നൽകാവൂ എന്ന് പോർട്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കോട്ടയം ജില്ലയിൽ ബോർഡിന്റെ അനുമതിയോടുകൂടി സർവ്വീസ് നടത്തുന്ന ഹൗസ്ബോട്ടുകൾ കുമരകത്ത് കവണാറ്റിൻകരയിൽ ഡി.റ്റി.പി.സി. പൊതുവായി സ്ഥാപിച്ചിട്ടുള്ള സ്വവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ്.റ്റി.പി.) വഴി മാലിന്യങ്ങൾ സംസ്കരിച്ചു വരുന്നുണ്ട്. പ്രസ്തുത എസ്.റ്റി.പി കൃത്യമായ ഇടവേളകളിൽ മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ച് കാര്യക്ഷമത ഉറപ്പു വരുന്നുണ്ട്.

'ഫിർമ' ഏജൻസി മത്സ്യങ്ങളുടെ പ്രജനനത്തിനായി കുമരകം വേമ്പനാട് കായലിൽ നിർമ്മിക്കുന്ന മത്സ്യ സങ്കേതത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

ഫിഷറീസ് വകുപ്പ് നടപ്പിലാക്കിവരുന്ന സോഷ്യൽ ഫിഷറീസ്, മത്സ്യ സമൃദ്ധി എന്നീ പദ്ധതികൾ വഴി ഉൾനാടൻ പൊതുജലാശയങ്ങളിൽ മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് കാർപ്പ് ഇനത്തിൽപ്പെട്ട മത്സ്യക്കുഞ്ഞുങ്ങളേയും ആറ്റുകൊഞ്ചിന്റെ കുഞ്ഞുങ്ങളേയും നിക്ഷേപിച്ച് വരുന്നു.

ഫിഷറീസ് വകുപ്പ് ഏജൻസിയായ സാഫ് (സൊസൈറ്റി ഫോർ അസ്സിസ്റ്റന്റ്സ് ടു ഫിഷർ വുമൺ) മത്സ്യ തൊഴിലാളി വനിതാ ഗ്രൂപ്പുകൾ മുഖേന വിവിധ പ്രദർശനങ്ങൾ, മേളകൾ, അക്വാഷോകൾ, ട്രേഡ് ഫെയറുകൾ എന്നിവയിൽ മത്സ്യ വിഭവങ്ങൾ അടങ്ങുന്ന ഭക്ഷണ ശാലകൾക്ക് പ്രോത്സാഹനം നൽകി വരുന്നു.

കായൽ മത്സ്യമായ കരിമീനിന്റെ റെയറിംഗ് യൂണിറ്റും കൾച്ചർ യൂണിറ്റും കോട്ടയം ഫിഷറീസ് വകുപ്പിന്റെ പള്ളം ഫാമിൽ പ്രവർത്തിച്ചുവരുന്നു. കാർപ്പ് ഇനത്തിൽപ്പെട്ട കട്‌ല, രോഹു, മൃഗാൾ, സൈപ്രിനസ്, ഗ്രാസ്കാർപ്പ് എന്നീ മത്സ്യങ്ങളുടെ മത്സ്യ വിത്ത് വിതരണവും പള്ളം ഫാം മുഖേന നടന്നുവരുന്നു. വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന നാടൻ മത്സ്യ ഇനങ്ങളായ കാരി, വരാൽ, കരിമീൻ എന്നിവയുടെ സംരക്ഷണത്തിനും ഉത്പാദനത്തിനുമായുള്ള അക്വാപാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പള്ളം ഫാമിൽ പുരോഗമിച്ച് കൊണ്ടിരിക്കുന്നു.

പ്രദേശവാസികൾ തടസ്സപ്പെടുത്തിയത് മൂലം വടവാതൂർ ഡംപിംഗ് യാർഡിൽ മാലിന്യം നിക്ഷേപിക്കുന്നതും സംസ്കരണം നടത്തുന്നതും 1-1-2014 മുതൽ കോട്ടയം നഗരസഭ നിർത്തിവച്ചിരിക്കുകയാണ്. ടി ഡംപിംഗ് യാർഡ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സാധിച്ചാൽ മാത്രമേ നഗരസഭയ്ക്ക് ആയതിൽ മാലിന്യ സംസ്കരണം നടത്തുന്നതിന് സാധിക്കുകയുള്ളു.

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ മലിനജല സംസ്കരണ പ്ലാന്റിന്റെ augmentation പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. എന്നാൽ ശുദ്ധീകരിച്ച മലിനജലം പുറന്തള്ളുന്നതിന് പൈപ്പ് ലൈൻ ഇടണമെന്ന കോടതി വിധി നിലവിലുണ്ടെങ്കിലും പൈപ്പ് ലൈൻ കടന്നുപോകുന്നത് സ്വകാര്യ വ്യക്തിയുടെ പുരയിടത്തിലൂടെ ആകയാൽ ചില തടസ്സങ്ങൾ നേരിട്ടിരിക്കുന്നു. ആയത് പരിഹരിക്കുകയും ശുദ്ധീകരിച്ച ജലം പരമാവധി പുനരുപയോഗം ചെയ്യുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നതോടുകൂടി എസ്.റ്റി.പി. പ്രവർത്തനം തുടങ്ങാൻ കഴിയുന്നതാണ്. എസ്.റ്റി.പി. പ്രവർത്തനത്തിലാകുന്നതോടുകൂടി ഈ ഭാഗത്തുള്ള ജല മലിനീകരണ പ്രശ്നങ്ങൾക്ക് പരിഹാരമാകും."

(iii) പതിനാലാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)-യുടെ രണ്ടാമത് റിപ്പോർട്ട് (കോട്ടയം ജില്ലയിലെ കോട്ടമല കറിഞ്ഞികുമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്)

(ഫയൽ നമ്പർ 2476/പരി.1/2017/നി.സെ.)

പതിനാലാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2016-2019)-യുടെ രണ്ടാമത് റിപ്പോർട്ട് (കോട്ടയം ജില്ലയിലെ കോട്ടമല കറിഞ്ഞിക്കുമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്) 2017 മാർച്ച് 14-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. കോട്ടയം ജില്ലയിലെ കോട്ടമല കറിഞ്ഞിക്കുമ്പൻ മലനിരകളിലെ പാറഖനനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് സഹായകരമെന്ന് സമിതിയ്ക്ക് ബോദ്ധ്യപ്പെട്ട 11 ശിപാർശകൾ ഉൾപ്പെട്ട റിപ്പോർട്ടാണ് സഭയിൽ സമർപ്പിച്ചത്. സമിതിയുടെ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി റിപ്പോർട്ടിന്റെ കോപ്പി 22-6-2017-ൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി.

റിപ്പോർട്ടിലെ 1, 10 എന്നീ നമ്പർ ശിപാർശകളിന്മേൽ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു:

<u>ശിപാർശ 1</u>

സാധാരണ ഗതിയിൽ 45 ഡിഗ്രിയിലധികം ചരിവുള്ള പ്രദേശത്തെ ഖനന പ്രവർത്തനങ്ങൾക്ക് അനുവാദം കൊടുക്കുകയാണെങ്കിൽ നടപടി ക്രമങ്ങൾ പാലിക്കേണ്ടതാണ്. ആയതിനാൽ 60 ഡിഗ്രിയിലധികം ചരിവുള്ള കോട്ടമല പ്രദേശത്ത് പാറഖനനാനുമതി നൽകിയത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ശിപാർശ 10</u>

അപകട സാദ്ധ്യതയെക്കുറിച്ചുള്ള ആശങ്ക പരിഹരിക്കുന്നത് വരെ പ്രദേശത്തെ എല്ലാ ഖനന പ്രവർത്തനങ്ങളും നിർത്തിവയ്ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടികൾ (ശിപാർശ 1&10)</u>

"കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ രാമപുരം വില്ലേജിൽ സർവ്വേ നമ്പർ 245/1-8-1-ൽ ഉൾപ്പെട്ട 4.1341 ഹെക്ടർ സ്ഥലത്ത് M/s സെന്റ് ബേസിൽ ഇൻഡസ്ട്രീസ് ഇന്ത്യ (പ്രൈ.) ലിമിറ്റഡ്, മൂവാറ്റുപുഴ എന്ന സ്ഥാപനത്തിന് 420/2013-14/7230/എം2/2013 നമ്പർ അനുമതി പ്രകാരം 26-9-2013 മുതൽ 25-9-2025 വരെ കാലാവധിയുള്ള ക്വാറിയിംഗ് ലീസ് അനുവദിച്ചിരുന്നതാണ്. ടി സ്ഥലത്തേയ്ക്ക് 72/SEIAA/KL/167/2013 തീയതി 7-4-2013 പ്രകാരം സ്റ്റേറ്റ് എൺവയോൺമെന്റൽ ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റിയിൽനിന്നും പാരിസ്ഥിതികാനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിലാണ് ഖനനാനുമതി അനുവദിച്ചത്. തുടർന്ന് ഈ സ്ഥലത്ത് കരിങ്കല്ല് ഖനനത്തിന് പഞ്ചായത്ത് അനുമതി നിഷേധിച്ചതിനെതിരെയും അല്ലാതെയും ബഹു. കേരള ഹൈക്കോടതി മുമ്പാകെ

നിരവധി റിട്ട് പെറ്റീഷനുകൾ ഫയൽ ചെയ്യപ്പെടുകയുണ്ടായി. ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് മുമ്പാകെ രാമപുരം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച റിട്ട് അപ്പീൽ നമ്പർ 2760/2015-മേലുള്ള വിധിന്യായം M/s സെന്റ് ബേസിലിന് അനുകൂലമായതിനാൽ ഫയൽ ചെയ്ത റിവ്യൂ പെറ്റീഷനും (നമ്പർ 550/2016) രാമപുരം ഗ്രാമപഞ്ചായത്തിനെതിരായിരുന്നു. തുടർന്ന് ബഹു. സുപ്രീംകോടതി മുമ്പാകെ പ്രസ്തുത പഞ്ചായത്ത് സമർപ്പിച്ച സ്പെഷ്യൽ ലീവ് പെറ്റീഷൻ നമ്പർ 16456-16457/2016 പരിഗണിക്കവേ ആയതും M/s സെന്റ് ബേസിലിന് അനുകൂലമാകുകയും ചെയ്തിരിക്കുകയാണ്. പ്രസ്തുത ഉത്തരവിൽ M/s സെന്റ് ബേസിൽ ഇൻഡസ്ട്രീസിന് നൽകിയ വ്യവസ്ഥകളിൽ ലംഘനമുണ്ടാകുകയാണെങ്കിൽ പഞ്ചായത്ത്, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിനെ സമീപിച്ച് തീരുമാനമുണ്ടാക്കുവാൻ ബഹു. സുപ്രീംകോടതി അനുമതിയും നൽകുകയുണ്ടായി. 45 ഡിഗ്രി ചെരിവിൽ കൂടുതലുള്ള പ്രദേശത്ത് ഖനനം നടത്തരുത് എന്നുള്ളത് പാരിസ്ഥിതികാനുമതിയിലെ ഒരു വ്യവസ്ഥയാണ്. പാരിസ്ഥിതികാനുമതിക്ക് വിധേയമായി അനുവദിച്ച ക്വാറിയിംഗ് ലീസ് നിലവിലുണ്ടെങ്കിലും കരിങ്കല്ല് ഖനനം ആരംഭിക്കുന്നതിനുള്ള യാതൊരു അനുമതിപത്രങ്ങളും മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ഓഫീസിൽനിന്നും അനുവദിച്ചിട്ടില്ല. നിലവിൽ പ്രസ്തുത സ്ഥലത്ത് കരിങ്കല്ല് ഖനനം സംബന്ധമായ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നില്ല."

(iv) പാലക്കാട് ജില്ലയിലെ പട്ടാമ്പി പഞ്ചായത്തിലെ കീഴായൂർ നമ്പ്രം റോഡിൽ ഇ.പി. ഗോപാലൻ സ്മാരക മന്ദിരത്തിന് സമീപം ഭാരതപ്പുഴയോരത്ത് മാലിന്യം കുന്നുകൂടി കിടക്കുന്നത് സംബന്ധിച്ച് ശ്രീ. വി.ടി. സോമൻ, എ.ഐ.വൈ.എഫ്. ജില്ലാ വൈസ് പ്രസിഡന്റ് സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 2958/പരി.3/2014/നി.സെ.)

പട്ടാമ്പി പഞ്ചായത്തിലെ കീഴായൂർ നമ്പ്രം റോഡിൽ ഇ.പി. ഗോപാലൻ സ്മാരക മന്ദിരത്തിന് സമീപം ഭാരതപ്പുഴയോരത്ത് മാലിന്യം കുന്നുകൂടി കിടക്കുന്നുവെന്നും അന്യദേശ തൊഴിലാളികളടക്കം താമസിക്കുന്ന ഈ പ്രദേശത്ത് കച്ചവടക്കാർ അടക്കമുള്ളവർ മാലിന്യം നിക്ഷേപിക്കുകയാണെന്നും മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ലെന്നും ഈ പ്രദേശത്തു കൂടി ഒഴുകുന്ന മലിനജലം ഓവ് ചാലുകളിലൂടെ ഭാരതപ്പുഴയിലേക്കാണ് എത്തിച്ചേരുന്നതെന്നും ഇതുമൂലം കുടിവെള്ളം പോലും മലിനമാകുന്നുവെന്നും പരിസ്ഥിതിക്ക് ഏറെ ദോഷഫലമുണ്ടാക്കുന്ന ഇത്തരം പ്രവൃത്തികൾ ഉണ്ടാകാതിരിക്കാൻ നടപടികൾ സ്വീകരിക്കണമെന്നുമാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്. നിവേദനത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

"പട്ടാമ്പി പഴയ കടവ് ഭാഗത്ത് പൊന്തക്കാടുകൾ നീക്കം ചെയ്ത് മാലിന്യ നിക്ഷേപം ഒഴിവാക്കുന്നതിനുള്ള നടപടികൾ നഗരസഭ ആരംഭിച്ചിട്ടുണ്ട്. ടി ഭാഗത്ത് ഖരമാലിന്യങ്ങൾ

നിക്ഷേപിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നോട്ടീസുകൾ നൽകി വരുന്നു. മേലെ പട്ടാമ്പി മുതലുള്ള സ്ഥാപനങ്ങളിൽനിന്ന് ഒഴുക്കിവിടുന്ന മലിനജലം പഴയ കടവ് ഭാഗത്തുകൂടി പുഴയിലേക്ക് എത്തിച്ചേരുന്നുണ്ട്. ടി വിഷയത്തിൽ വ്യാപാര പ്രതിനിധികളുമായി മീറ്റിംഗുകൾ നടത്തി സ്വന്തമായി മാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജൂൺ മാസം മുതൽ ടി മീറ്റിംഗുകൾ നടത്തി വരുന്നു. 16-12-2016-ന് നടത്തിയ മീറ്റിംഗിൽ ജനുവരി 1 മുതൽ ഖരമാലിന്യങ്ങൾ വേർതിരിച്ച് സ്ഥാപനങ്ങളിൽനിന്ന് ശേഖരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ തീരുമാനിക്കുകയും, ദ്രവമാലിന്യങ്ങൾ ഡ്രെയിനേജിലേക്ക് ഒഴുക്കി വിടുന്നത് കർശനമായി നിരോധിക്കുവാൻ സംവിധാനങ്ങൾ ഒരുക്കുവാൻ 15 ദിവസത്തെ സമയം അനുവദിച്ചുകൊണ്ട് നോട്ടീസുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

പട്ടാമ്പി നഗരസഭ പഞ്ചായത്തായിരുന്ന കാലയളവിൽ സ്ഥാപിച്ച ഡ്രെയിനേജുകൾ ആണ് ഇപ്പോൾ നിലവിലുള്ളത്. പ്രസ്തുത ഡ്രെയിനേജുകളിൽ കൂടിയാണ് ദ്രവമാലിന്യങ്ങൾ സ്ഥാപനങ്ങൾ ഒഴുക്കി വിടുന്നതെന്ന് നഗരസഭക്ക് ബോദ്ധ്യമായിട്ടുണ്ട്. വ്യാപാര സ്ഥാപനങ്ങൾക്ക് അനുവദിച്ച 15 ദിവസത്തെ സമയം കഴിഞ്ഞും മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കാത്തവർക്കെതിരെ നടപടികൾ സ്വീകരിക്കുവാനും പി.ഡബ്ല്യൂ.ഡി. റോഡ് സെക്ഷൻ വിഭാഗത്തോട് ബന്ധപ്പെട്ട് ടി ഓടകളുടെ സ്ലാബുകൾ ഇളക്കി പരിശോധിച്ച് തുടർന്നും മാലിന്യങ്ങൾ ഒഴുക്കിവിടുന്നവരെ സംബന്ധിച്ച് ഉറപ്പുവരുത്തി നടപടികൾ സ്വീകരിക്കുവാനും നഗരസഭ തീരുമാനമെടുത്തിട്ടുണ്ട്. ടി പഴയകടവ് ഭാഗത്തെ ഓടകളുടെ നവീകരണം സംബന്ധിച്ച് നഗരസഭക്ക് മാത്രമായി തീരുമാനമെടുക്കുവാൻ സാധിക്കുകയില്ല. പെരിമ്പിലാവ്-പെരിന്തൽമണ്ണ ഓട നവീകരണത്തിൽ PWD-യുമായി ബന്ധപ്പെട്ട് പട്ടാമ്പിയിലെ ഓടകളുടെ നവീകരണം സാദ്ധ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും തീരുമാനമെടുത്തിട്ടുണ്ട്. പട്ടാമ്പി കീഴായൂർ നമ്പ്രം ഭാഗത്ത് പോലീസ്, റവന്യൂ അധികാരികൾ പിടിച്ചെടുത്ത പഴകിയ വാഹനങ്ങൾ ഉപേക്ഷിച്ചിരിക്കുന്നത് മൂലം ടി ഭാഗത്ത് മാലിന്യ നിക്ഷേപങ്ങൾ കൂടിവരുന്നു. ആയവ മാറ്റുന്നതിനായി രേഖാമൂലം ടി ഡിപ്പാർട്ട്മെന്റുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. മലിനീകരണ നിയന്ത്രണ ബോർഡ് സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളത് പ്രകാരം ടി പ്ലാന്റിന്റെ നിർമ്മാണത്തിനുള്ള തുക ഭേദഗതി പ്രോജക്ടിൽ വക കൊള്ളിക്കുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്. മേൽ സൂചിപ്പിച്ചിരുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഈ വിഷയത്തിന് ശാശ്വത പരിഹാരം കാണുവാൻ കഴിയുന്നതാണ് എന്ന് പട്ടാമ്പി നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്."

(v) പാലക്കാട് എലപ്പുള്ളി 2 വില്ലേജിലെ രാമശ്ശേരി പ്രദേശത്തെ കുന്നുകാട് നടക്കുന്ന മണ്ണ് ഖനനം സംബന്ധിച്ച് ശ്രീ. എസ്. ഉദയപ്രകാശ് സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 4781/പരി. 3/2012/നി.സെ.)

പാലക്കാട് ജില്ലയിലെ രാമശ്ശേരി പ്രദേശത്തെ കടിവെള്ള പദ്ധതിയുടെ സ്രോതസ്സായ കന്നുകാട് എന്ന പ്രദേശത്ത് വടപാറ കൽക്വാറി താഴ്ചയത് മൂലം വേനൽകാലങ്ങളിൽ കട്ടംവരൾച്ചയും ചൂടും ഓരോ വർഷം കഴിയുന്തോറും വർദ്ധിച്ച് വരികയാണെന്നും പത്തേക്കറോളം വരുന്ന പ്രസ്തുത കന്നിൻ പ്രദേശം അവിടത്തെ ആവാസ വ്യവസ്ഥയിൽ ശക്തമായ സ്വാധീനം ചെലുത്തുന്നുണ്ടെന്നും കാർഷിക ആവശ്യത്തിനായാണ് മണ്ണ് നീക്കം ചെയ്യാൻ അനുമതി നൽകിയതായി അനുമതി പത്രത്തിൽ സൂചിപ്പിച്ചിട്ടുള്ളതെന്നും മണ്ണ് നീക്കം ചെയ്യുമ്പോൾ അടിയിൽ പാറയായതുകൊണ്ട് കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലാണെന്നും ശാസ്ത്രീയമായി പഠനം നടത്താതെയുള്ള മണ്ണ് ഖനനം ദൂരവ്യാപകമായ പ്രത്യാഘാതം ഉണ്ടാക്കുമെന്നതുകൊണ്ട് പ്രസ്തുത സ്ഥലത്തുള്ള മണ്ണ് ഖനനം നിർത്തിവയ്ക്കണമെന്നുമാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്. നിവേദനത്തിന്മേൽ, പരിസ്ഥിതി, റവന്യൂ എന്നീ വകുപ്പുകളിൽനിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

**പരിസ്ഥിതി വകുപ്പ്**

"എലപ്പുള്ളി II വില്ലേജ്, റീസർവ്വേ നമ്പർ 44/2-ൽപ്പെട്ട 01.9870, 44/15-ൽപ്പെട്ട 0.364 കൈവശത്തിലുള്ള സ്ഥലത്തുനിന്നും മണ്ണ് ഖനനം ചെയ്ത് മലമ്പുഴ വില്ലേജിലെ ശ്രീമതി കമല ഗംഗാധരൻ എന്നവരുടെ ബ്ലോക്ക് നമ്പർ 3 റീസർവ്വേ നമ്പർ 132/3 0.4694 ഹെക്ടർ സ്ഥലത്ത് മണ്ണ് നിക്ഷേപിക്കുന്നതിനായി 13-9-2012-ലെ LRG 10-2012/52371/9 നമ്പരായ പാലക്കാട് ജില്ലാ കളക്ടറുടെ നടപടിക്രമപ്രകാരം നിബന്ധനകൾക്ക് വിധേയമായി 2 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതിനായി ശ്രീ. സി. എസ്. സജീദ്, S/o. ഇസ്മയിൽ എം. എച്ച്. എസ്. റോഡ്, പുതുനഗരം പി. ഒ. എന്നയാൾക്ക് ജില്ലാ കളക്ടർ അനുമതി നൽകിയിരുന്നു. ജില്ലാ കളക്ടറുടെ നടപടി ക്രമത്തിൽ സർക്കാരിലേക്ക് ഒടുക്കേണ്ട റോയൽറ്റി ജിയോളജിസ്റ്റ് മുമ്പാകെ ഒടുക്കേണ്ടതാണ് എന്ന നിബന്ധനയുണ്ടായിരുന്നു. എന്നാൽ ടി കാലയളവിൽ G.O.(P) No.138/12/ID നമ്പർ സർക്കുലർ പ്രകാരം ചെറുകിട ധാതുവായി സാധാരണ മണ്ണിനെ ഉൾപ്പെടുത്തിയിട്ടില്ലാതിരുന്നതിനാൽ ജില്ലാ ഓഫീസിൽ 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള അപേക്ഷ സ്വീകരിക്കുകയോ റോയൽറ്റി ഈടാക്കുകയോ ചെയ്തിട്ടില്ല. ടി സ്ഥലത്ത് നിന്നുള്ള മണ്ണ് നീക്കം നാട്ടുകാരുടെ എതിർപ്പുമൂലം ഉപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിലവിൽ ജില്ലാ കളക്ടറുടെ 13-9-2012-ലെ LRG 10-2012/52371/9 നമ്പർ നടപടി പ്രകാരം മണ്ണ് നീക്കം ചെയ്യാൻ അനുവദിച്ചിട്ടുള്ള കാലാവധി അവസാനിച്ചിട്ടുണ്ട്.

Deepak Kumar Vs. State of Haryana എന്ന കേസ്സിൽ 27-2-2012-ന് സുപ്രീം കോടതി പുറപ്പെടുവിച്ച വിധിക്കനുസൃതമായി കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് രാജ്യത്ത് ലഘുധാതുക്കളുടെ ഖനന പ്രവർത്തനങ്ങൾക്ക് മുൻകൂർ

പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെ ഒരു തരത്തിലുമുള്ള ഖനനവും രാജ്യത്ത് അനുവദിക്കരുതെന്ന് ദേശീയ ഹരിത ട്രൈബ്യൂണൽ 29-8-2013 ന് ഒരു കേസ്സിൽ വിധി പ്രസ്താവിച്ചിട്ടുണ്ട്."

**റവന്യൂ വകുപ്പ്**

"പാലക്കാട്, എലപ്പുള്ളി 2 വില്ലേജിലെ രാമശ്ശേരി പ്രദേശത്തെ കുന്നുകാട് നടക്കുന്ന മണ്ണ് ഖനനം സംബന്ധിച്ച് ശ്രീ. എസ്. ഉദയപ്രകാശ് സമർപ്പിച്ച പരാതി പ്രകാരം എലപ്പുള്ളി 2 വില്ലേജ് ഓഫീസർ മുഖാന്തിരം അന്വേഷണം നടത്തിയതിൽ ടി സ്ഥലത്ത് മണ്ണ് ഖനനം ചെയ്യിട്ടില്ല എന്ന വിവരം അറിയാൻ കഴിഞ്ഞു എന്നും അതിനാൽ അനന്തര നടപടികൾ സ്വീകരിക്കേണ്ടതില്ലെന്നുമുള്ള വിവരം റിപ്പോർട്ട് ചെയ്യിട്ടുണ്ട്."

(vi) വ്യവസായ മലിനീകരണത്തിനെതിരെ പാപ്പിനിശ്ശേരി തുരുത്തി അംബേദ്കർ പട്ടികജാതി സെറ്റിൽമെന്റ് കോളനി നിവാസികൾ സമർപ്പിച്ച നിവേദനം സംബന്ധിച്ച്.
(ഫയൽ നമ്പർ 5339/പരി.3/2013/നി.സെ.)

കണ്ണൂർ ജില്ലയിലെ തുരുത്തി അംബേദ്കർ പട്ടികജാതി സെറ്റിൽമെന്റ് കോളനിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ഇരുപതോളം വ്യവസായ സ്ഥാപനങ്ങൾ പുറത്തുവിടുന്ന മാലിന്യങ്ങൾ കോളനിയെ മലീമസമാക്കിയിരിക്കുന്നുവെന്നും ലൈസൻസ് ഉള്ളതും ഇല്ലാത്തതുമായ പ്രസ്തുത കമ്പനികൾ, കോളനിയ്ക്ക് ചുറ്റുമായി സ്ഥിതി ചെയ്യുന്ന പുറമ്പോക്ക് സ്ഥലങ്ങളും വളപട്ടണം പുഴയും ചേർന്ന പ്രദേശങ്ങളും അനധികൃതമായി കയ്യേറിയും കണ്ടൽക്കാടുകൾ നശിപ്പിച്ചും തണ്ണീർത്തടങ്ങളും തോടുകളും മണ്ണിട്ട് നികത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തി വരുന്നതായും ഇതിനെതിരെ നടപടി സ്വീകരിക്കണമെന്നു മായിരുന്നു നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്നത്. നിവേദനത്തിന്മേൽ വ്യവസായം, പരിസ്ഥിതി, തദ്ദേശസ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

**വ്യവസായ വകുപ്പ്**

"കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരിയിൽ വളപട്ടണം പുഴയുടെ തീരത്ത് തുരുത്തി എന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന പ്ലൈവുഡ് കമ്പനികൾ വളരെക്കാലമായി പ്രവർത്തിച്ച വരികയാണ്. ഇവയ്ക്ക് പ്രവർത്തിക്കുന്നതിനുള്ള എല്ലാ അനുമതികളും ലഭിച്ചിട്ടുണ്ട്. ഇവയുടെ സമീപത്തുള്ള വീടുകൾ പലതും പുതിയതാണ്. ഏകദേശം 50-ൽ കൂടുതൽ കുടുംബങ്ങൾ ഇവിടെ താമസിക്കുന്നുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ് (പി.സി.ബി.) നിഷ്കർഷിച്ചിട്ടുള്ള സംവിധാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ഇവയെല്ലാം തന്നെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതി, പഞ്ചായത്ത് ലൈസൻസ് എന്നിവ ഉള്ള സ്ഥാപനങ്ങളാണ്. സ്പീഡ് വുഡ് ഇൻഡസ്ട്രീസ്, ഫിനിക്സ് പ്ലൈവുഡ്സ് എന്നീ സ്ഥാപനങ്ങളുടെ പുകക്കുഴൽ മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ച പ്രകാരം 30 മീറ്ററിലധികം ഉയരമുള്ളതാണ്.

സ്പീഡ് വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിൽ വാട്ടർ സ്ക്രൈബർ എന്ന സംവിധാനവും സ്ഥാപിച്ചിട്ടുണ്ട്. ഇതിനടുത്ത് പ്രവർത്തിക്കുന്ന ആൽഫ വൺ മിക്സ് എന്ന സ്ഥാപനത്തിൽ നിന്നും മിക്സ് ചെയ്യുമ്പോൾ വലിയ ശബ്ദമുണ്ടാകുന്നതായി പരിസരവാസികൾ പറയുന്നുവെങ്കിലും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി 6 മണി വരെ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ.

ഇവിടെയുള്ള എല്ലാ ഫാക്ടറികളും, പഞ്ചായത്ത് അധികൃതരും മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരും സന്ദർശിച്ച് മലിനീകരണം തടയുന്നതിന് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. വ്യവസായ വികസന ഓഫീസർ സ്ഥാപനങ്ങൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്."

**പരിസ്ഥിതി വകുപ്പ്**

"പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിലെ XII-ാം വാർഡിലാണ് തുരുത്തി അംബേദ്കർ പട്ടികജാതി കോളനി സ്ഥിതി ചെയ്യുന്നത്. പട്ടികജാതിക്കാർ മാത്രമല്ല എല്ലാ ജാതിമത വിഭാഗത്തിൽപ്പെട്ടവരും ഇടകലർന്ന് താമസിക്കുന്ന ഈ പ്രദേശം തുരുത്തി സെറ്റിൽമെന്റ് കോളനിയെന്നാണ് പൊതുവെ അറിയപ്പെടുന്നത്. നേരത്തെ ഈ പ്രദേശത്ത് ജനവാസം കുറവും ഭൂമിക്ക് കുറഞ്ഞ വിലയുമായിരുന്നു. ഈ സാഹചര്യത്തിലാണ് പരാതിയിൽ പറയുന്ന സ്ഥാപനങ്ങളും പുതിയ വീടുകളും അവിടെ ഉയർന്നുവന്നത്. നിലവിൽ അവിടെ പ്രവർത്തിച്ചുവരുന്ന ചെറുകിട വ്യവസായങ്ങൾ താഴെ പറയുന്നവയാണ്.

| | | |
|---|---|---|
| മരാധിഷ്ഠിത വ്യവസായ സ്ഥാപനം | : | 13 |
| സ്റ്റോൺ ക്രഷർ | : | 2 |
| സിമന്റ് മിക്സിംഗ് യൂണിറ്റ് | : | 1 |
| എഞ്ചിനീയറിംഗ് വർക്ക് | : | 1 |
| ആകെ | | 17 |

ഒരു ചെറുകിട വ്യവസായം ആരംഭിക്കുന്നതിന് നിലവിലെ നിയമം അനുശാസിക്കുന്ന എല്ലാ അനുമതി പത്രങ്ങളും വിവിധ വകുപ്പുകളിൽനിന്നും വാങ്ങിയതിനുശേഷം പഞ്ചായത്തിൽ സമർപ്പിക്കപ്പെടുന്ന അപേക്ഷ, നേരിട്ട് അന്വേഷണം നടത്തിയും

പഞ്ചായത്ത് ഭരണ സമിതി ചർച്ച ചെയ്തുമാണ് പഞ്ചായത്ത് ലൈസൻസ് നൽകുന്നത്. പിന്നീടുള്ള ഓരോ വർഷവും ലൈസൻസ് പുതുക്കി നൽകുന്നതിന് മുൻപായി മേൽ പറഞ്ഞ വകുപ്പുകളുടെ നിരാക്ഷേപ പത്രം മേൽ സ്ഥാപനങ്ങൾക്ക് ലഭിച്ചുവെന്ന് ഉറപ്പുവരുത്താറുണ്ട്. ഏകദേശം 3 വർഷം മുമ്പ്, നിവേദനത്തിൽ സൂചിപ്പിച്ച സിമന്റ് മിക്സിംഗ് യൂണിറ്റ് ആരംഭിക്കുന്ന അവസരത്തിൽ, പരിസര മലിനീകരണ പ്രശ്നം ഉണ്ടാകുമോ എന്ന് പ്രദേശവാസികൾക്ക് ആശങ്കയുണ്ടായിരുന്നു. പ്രശ്നം പഞ്ചായത്ത് ഭരണ സമിതി ചർച്ച ചെയ്യുകയും അതേ രീതിയിൽ പ്രവർത്തിക്കുന്ന മറ്റൊരു സ്ഥാപനം പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളും ദേശവാസികളും അടങ്ങുന്ന ഒരു കമ്മിറ്റി നേരിട്ട് സന്ദർശിച്ച് മലിനീകരണ സാദ്ധ്യതയൊന്നുമില്ലെന്ന് ഉറപ്പുവരുത്തിയാണ് അനുമതി നല്കിയത്. മാത്രമല്ല ഈ പ്രദേശത്ത് താമസിക്കുന്ന കുറേ പേർ ഈ കമ്പനികളിൽ ജോലി ചെയ്യുന്നുമുണ്ട്.

വളപട്ടണം പുഴയോരത്തെ പുറമ്പോക്ക് പ്രദേശങ്ങൾ പഞ്ചായത്തിന്റെ അധീനതയിൽ ഉള്ളതാണ്. ആയതിൽ ഒരു സെന്റ് പോലും അന്യാധീനപ്പെട്ടുപോയിട്ടില്ല എന്നും പരാതിയിൽ പറയുന്നതുപോലെ തണ്ണീർത്തടങ്ങൾ നികത്തുകയോ കണ്ടൽ കാടുകൾ നശിപ്പിച്ചോ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നതായി പഞ്ചായത്തിന് പരാതികൾ ഒന്നും ലഭിച്ചിട്ടില്ലാ എന്നും പഞ്ചായത്ത് ബോധിപ്പിക്കുന്നു.

നിയമാനുസൃതമായി വിവിധ വകുപ്പുകളിൽനിന്നും അനുമതി പത്രം/നിരാക്ഷേപ പത്രം ലഭിച്ച സ്ഥാപനങ്ങളാണ് പഞ്ചായത്തിന്റെ അനുമതിയോടെ മേൽ പ്രദേശത്ത് പ്രവർത്തിക്കുന്നത്. വരും വർഷങ്ങളിൽ ലൈസൻസ് പുതുക്കി നൽകുന്നതിന് മുമ്പ് എല്ലാ സ്ഥാപനങ്ങളും നേരിട്ട് പരിശോധന നടത്തി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിക്കുന്ന നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുമെന്നും പഞ്ചായത്ത് ഉറപ്പുനൽകിയിട്ടുണ്ട്.

ഈ വിഷയത്തിൽ സംസ്ഥാന മലിനീകരണ ബോർഡ് നടത്തിയ പരിശോധനയും തുടർനടപടികളുടേയും സംക്ഷിപ്ത വിവരങ്ങൾ താഴെകൊടുക്കുന്നു:

മതിയായ മലിനീകരണ നിയന്ത്രണങ്ങൾ പാലിക്കാതെ പ്രവർത്തിച്ചുവന്ന ചില സ്ഥാപനങ്ങളിൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധനകൾ നടത്തി കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായി പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടായതായി കാണുന്നു. 20-11-2016-ൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ റിപ്പോർട്ടിൽ പ്രസ്തുത സ്ഥാപനങ്ങളിൽ കണ്ണൂർ ജില്ലാ ഓഫീസിൽനിന്നും സ്ഥല പരിശോധന നടത്തുകയുണ്ടായി. Alfa one mix എന്ന concrete batching plant മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി കണ്ടു. മുളിയൻ ക്രഷർ, ശ്രീ. മുത്തപ്പൻ ക്രഷർ എന്നീ 2 ക്രഷർ യൂണിറ്റുകളിൽ മതിയായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഫീനിക്സ് പ്ലൈവുഡ് എന്ന സ്ഥാപനത്തിൽ പ്ലൈവുഡ് സ്ഥാപനങ്ങൾ പാലിക്കേണ്ടതായ മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ

ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ച എല്ലാ യൂണിറ്റുകൾക്കും പ്രവർത്തനാനുമതി പുതുക്കി നൽകിയിട്ടുണ്ട്. പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ സംസ്കരണ കേന്ദ്രത്തിൽ മാലിന്യങ്ങൾ windrow composting ചെയ്യുന്നുണ്ട്. ഇപ്പോൾ പരിസരത്ത് ദുർഗന്ധം അനുഭവപ്പെടുന്നില്ല എന്നാണറിയാൻ കഴിഞ്ഞത്. Speed wood എന്ന സ്ഥാപനത്തിന് പ്രവർത്തനാനുമതി നിരസിച്ചുകൊണ്ട് അടച്ചുപൂട്ടാൻ നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവ് 17-6-2016-ന് കൊടുത്തിരുന്നു. പരിശോധനാ സമയത്ത് ഉത്തരവിൽ പരാമർശിച്ച എല്ലാ പോരായ്മകളും നികത്തിയതായി കാണാൻ സാധിച്ചു. ആയതിനാൽ സ്ഥാപനത്തിന് 18-10-2016-ൽ 30-6-2018 വരെ കാലാവധിയുള്ള പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്."

**തദ്ദേശസ്വയംഭരണ വകുപ്പ്**

"പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ തുരുത്തി പ്രദേശത്തെ അംബേദ്കർ കോളനിയേയും വ്യവസായങ്ങൾ പ്രവർത്തിക്കുന്ന സ്ഥലത്തേയും വേർതിരിക്കുന്ന തുരുത്തി മോറോന്നുമ്മൽ റോഡിന് പടിഞ്ഞാറ് ഭാഗത്ത് 8 വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ യൂണിറ്റുകൾ താഴെ പറയുന്നവയാണ്.

1. സ്പീഡ് വുഡ് ഇൻഡസ്ട്രീസ്
2. ഫിനിക്സ് വുഡ് ഇൻഡസ്ട്രീസ്
3. മാതോടൻ വുഡ് ഇൻഡസ്ട്രീസ് - (പ്രവർത്തിക്കുന്നില്ല)
4. ബ്രിട്ടീഷ് വുഡ് ഇൻഡസ്ട്രീസ്
5. മുത്തപ്പൻ സ്റ്റോൺ ക്രഷർ
6. മുളിയൻ സ്റ്റോൺ ക്രഷർ
7. ആൽഫ വൺ സിമന്റ് മിക്സ്ചർ യൂണിറ്റ്
8. ഗ്രൗണ്ട് സെന്റർ ഇന്റർ ലോക്ക് നിർമ്മാണം.

മേൽ വ്യവസായ യൂണിറ്റുകൾ എല്ലാം ശരാശരി 15 വർഷത്തിലധികമായി പ്രവർത്തിച്ചു വരുന്നവയാണ്. അവയെല്ലാം നിയമാനുസൃത അനുമതിയോടെയാണ് പ്രവർത്തിക്കുന്നത്. മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനാനുമതി പത്രത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകിയിട്ടുള്ളത്. വായു, ജലം, അന്തരീക്ഷം എന്നിവ മലിനമാകാതിരിക്കാനാവശ്യമായ സംവിധാനങ്ങൾ വ്യവസായ യൂണിറ്റുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. മേൽ വ്യവസായ യൂണിറ്റുകളോട് ചേർന്നൊഴുകുന്ന തോടിലേക്ക് മലിനജലം ഒഴുക്കി വിടുകയോ വ്യവസായ അവശിഷ്ടങ്ങൾ നിക്ഷേപിക്കുകയോ ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 8 വ്യവസായ

യൂണിറ്റുകളിലായി ഏകദേശം 120-ലധികം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്. ആരോപിക്കപ്പെട്ട പരിസര മലിനീകരണം കാരണം കോളനി നിവാസികൾക്ക് പ്രത്യേകമായ അസുഖം ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽനിന്നും അറിയിച്ചിട്ടുണ്ട്. വായു, ജലം, അന്തരീക്ഷം എന്നിവ മലിനമാക്കപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ പഞ്ചായത്തിൽ സ്വീകരിക്കുന്നുണ്ട്. മേൽ വ്യവസായ യൂണിറ്റുകളിൽ അനധികൃത നിർമ്മാണം നടത്തിയിട്ടില്ല എന്നും പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട് എന്ന വിവരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

## റവന്യൂ വകുപ്പ്

"പരാതിയിന്മേൽ തഹസിൽദാർ, കണ്ണൂർ മുഖാന്തിരം നടത്തിയ അന്വേഷണത്തിൽ പാപ്പിനിശ്ശേരി തുരുത്തി അംബേദ്ക്കർ പട്ടികജാതി കോളനിക്ക് സമീപത്തായി പ്ലൈവുഡ്, സ്റ്റോൺ ക്രഷർ, സിമന്റ് മിക്സിംഗ് തുടങ്ങിയവ ഉൾപ്പെടെ നിരവധി വ്യവസായ സ്ഥാപനങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ നിയമപരമായ അനുമതിയോടുകൂടി പ്രവർത്തിച്ച് വരുന്നുണ്ട്. പരിസരവാസികളുടെ സമ്മതപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ടി വ്യവസായ സ്ഥാപനങ്ങൾക്ക് ലൈസൻസ് ലഭിച്ചിട്ടുള്ളത്. എന്നിരുന്നാലും വ്യവസായ സ്ഥാപനങ്ങളിൽനിന്നും ഉണ്ടാകുന്ന ശബ്ദമലിനീകരണവും ജലമലിനീകരണവും സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ വേണ്ടി പരിസ്ഥിതി എഞ്ചിനീയർ, മലിനീകരണ നിയന്ത്രണ ബോർഡ്, കണ്ണൂരിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കണ്ടൽക്കാട് നശിപ്പിച്ചവർക്കെതിരെ വനം വകുപ്പ് തളിപ്പറമ്പ് ഫോറസ്റ്റ് ആഫീസർ മുഖാന്തിരം കേസ് ഫയൽ ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നീർത്തടം നികത്തിയവർക്കെതിരെ കൃഷി ആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സബ്കളക്ടർ, തലശ്ശേരി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്."

(vii) ജൈവകൃഷി നയം നടപ്പാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. സി. രവീന്ദ്രൻ, ഫാർമേഴ്സ്ക്ലബ്ബ്, കണ്ണൂർ സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 553/പരി.3/2010/നി.സെ.)

കണ്ണൂർ, പിരളിശ്ശേരി ഫാർമേഴ്സ് ക്ലബ്ബിനുവേണ്ടി ശ്രീ. കെ. സി. രവീന്ദ്രൻ സമർപ്പിച്ച നിവേദനത്തിൽ, പഞ്ചായത്തുകൾ കൃഷി സംബന്ധമായ പ്രോജക്ടുകൾ കേരള സർക്കാരിന്റെ കൃഷി നയത്തിനനുസരിച്ച് രൂപപ്പെടുത്തണമെന്നും ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും തരം തിരിക്കുവാനും ജൈവ മാലിന്യങ്ങൾ ജൈവ വളമാക്കുന്നതിനും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുൻകയ്യെടുക്കണമെന്നും അഭ്യർത്ഥിച്ചിരുന്നു. നിവേദനത്തിന്മേൽ തദ്ദേശസ്വയംഭരണവകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

" സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി അഞ്ചുവർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ പൂർത്തിയാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതികൾ സ.ഉ. (പി.) നമ്പർ 41/2016/ആ.സ.വ. തീയതി 28-9-2016 പ്രകാരം സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്ന ഒരു ബൃഹത്തായ പദ്ധതിയാണ് 'ഹരിതകേരളം' പദ്ധതി. ഹരിതകേരള മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ഉറവിട മാലിന്യ സംസ്കരണം സമൂഹത്തിൽ വ്യാപകമാക്കുകയും കമ്പോസ്റ്റിംഗ്/ബയോ മെതനേഷൻ രീതികൾ ഉപയോഗിച്ച് ജൈവകൃഷിക്ക് അനുയോജ്യമായ വളം ഉത്പാദിപ്പിച്ച് വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും ചെയ്യുവാനാണ് പ്രധാനമായും ലക്ഷ്യമിടുന്നത്. അതോടൊപ്പം കമ്മ്യൂണിറ്റിതല ബയോഗ്യാസ് സംവിധാനങ്ങൾ, തുമ്പൂർമുഴി മാതൃകയിലുള്ള വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്ലാസ്റ്റിക്, ഇ-വേസ്റ്റ്, ആശുപത്രി മാലിന്യങ്ങൾ തുടങ്ങിയവ സംസ്കരിക്കാനുള്ള സങ്കേതങ്ങൾ ലഭ്യമാക്കുകയും ലക്ഷ്യങ്ങളാണ്. ജൈവ, അജൈവ മാലിന്യങ്ങൾ തരംതിരിച്ച ശേഷം അജൈവ മാലിന്യങ്ങൾ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകളിൽ എത്തിക്കുകയും പുനഃചംക്രമണ വ്യവസായികൾക്ക് കൈമാറുകയും ചെയ്യുന്നതിന് നടപടി സ്വീകരിക്കും. കമ്പോസ്റ്റിംഗ്/ബയോമെതനേഷൻ (ബയോഗ്യാസ് പ്ലാന്റ്) രീതികളിൽ സംസ്കരിച്ച ലഭ്യമാക്കുന്ന കമ്പോസ്റ്റ്/സ്ലറി അടുക്കള പച്ചക്കറിത്തോട്ട കൃഷിക്കായി ഉപയോഗിക്കുന്നതിനും അടുക്കള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിച്ച് വരുകയാണ്. വീടുകൾതോറുമുള്ള കൃഷി സാദ്ധ്യതയ്ക്കുപുറമെ പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും സ്വയംപര്യാപ്തത നേടാനുതകുന്ന വിധത്തിൽ പൊതുവായ ഇടപെടലുകളാണ് ഹരിതകേരള മിഷന്റെ ഭാഗമായി കാർഷിക മേഖലയിൽ ലക്ഷ്യമിടുന്നത്."

(viii) വീടുകൾക്ക് സമീപം ആനകളെ കെട്ടിയതിനെ തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ഓച്ചിറ പഞ്ചായത്തിലെ 13-ാം വാർഡ് നിവാസികൾ സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 4587/പരി.3/2013/നി.സെ.)

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശത്ത് ആനകളുടെ മലമൂത്ര വിസർജ്ജ്യങ്ങൾ കഴിച്ചുമൂടിയതിനെ തുടർന്ന് ചുറ്റുപാടുമുള്ള എല്ലാ കിണറുകളിലും മാലിന്യം ഒലിച്ചിറങ്ങി വെള്ളം കുടിക്കാൻ പറ്റാത്ത അവസ്ഥയിലാണെന്നും ഇപ്പോഴും മാലിന്യങ്ങൾ കൂട്ടിയിട്ടിരിക്കുന്നതിനാൽ കൊതുക്, പുഴു, അട്ട എന്നിവയുടെ ഉപദ്രവം ഉണ്ടാകുന്നുവെന്നും പലർക്കും രോഗം പിടിപെടുന്നുവെന്നും ഇത് സംബന്ധിച്ച് ജില്ലാ മെഡിക്കൽ ഓഫീസർക്ക് പരാതി കൊടുത്തുവെങ്കിലും യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലാത്തതിനാൽ സമിതി ഇടപെട്ട് പരിഹാരം ഉണ്ടാക്കണമെന്നുമാണ് ശ്രീ. കോശി മുതൽപേർ നിവേദനത്തിൽ

ആവശ്യപ്പെട്ടിരുന്നത്. നിവേദനത്തിന്മേൽ ആരോഗ്യകുടുംബക്ഷേമം, തദ്ദേശസ്വയംഭരണം, കൃഷി (മൃഗസംരക്ഷണം) എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു:

## ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

"ശ്രീ. സുകുമാരൻ, സുധാലയം, കെ.എസ്.പുരം പി.ഒ., വവ്വാക്കാവ്, ഓച്ചിറ എന്നയാളിന്റെ ഉടമസ്ഥതയിലുള്ള രണ്ട് ആനകളെ ഓച്ചിറ വില്ലേജിൽപ്പെട്ട 18 സെന്റ് സ്ഥലത്ത് കഴിഞ്ഞ 11 വർഷമായി കെട്ടി വരുന്നതായും അതിൽ ഒരാന അടുത്ത കാലത്ത് മരണപ്പെടുകയും ചെയ്തിരുന്നതായും നിലവിൽ ഒരാനയെ ഇപ്പോഴും ടി സ്ഥലത്ത് കെട്ടിവരുന്നതായി അന്വേഷണ സമയത്ത് അറിയാൻ കഴിഞ്ഞിട്ടുണ്ടെന്നും മുഖ്യപരാതിക്കാരനായ ശ്രീ. കോശി എന്നയാളിന്റെ വീട്ടിൽനിന്നും 9 മീറ്റർ മാത്രം അകലത്തിൽ തെക്കുഭാഗത്തായി നിൽക്കുന്ന മരത്തിലാണ് ആനയെ കെട്ടുന്നതെന്നും ആനയെ കെട്ടുന്നതിന്റെ സമീപത്തായി വേറെ മൂന്ന് വീടുകൾ കൂടിയുണ്ടെന്നും അന്വേഷണ സമയത്ത് ആനപിണ്ഡം കൂട്ടിയിട്ട് കത്തിച്ചുകൊണ്ടിരിക്കുന്നതായും അതിന്റെ പുകയും ഗന്ധവും അന്തരീക്ഷത്തിൽ അനുഭവപ്പെടുന്നതായും ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നും സ്ഥിരമായി ടി സ്ഥലത്ത് ആനയെ കെട്ടുന്നതുമൂലം അതിന്റെ മൂത്രം ഒരേ സ്ഥലത്ത് തന്നെ വീണ് ദുർഗന്ധം വമിക്കുന്ന അവസ്ഥയാണുള്ളതെന്നും പൊതുവെ മണൽ പ്രദേശമായ ടി സ്ഥലത്ത് സ്ഥിരമായി ആനയെകെട്ടുന്നതുമൂലം അതിന്റെ വിസർജ്ജ്യങ്ങൾ (മൂത്രം) മഴക്കാലത്ത് പെട്ടെന്ന് ഭൂമിയിൽ താണ് തൊട്ടടുത്ത് താമസക്കാരനായ ശ്രീ. കോശിയുടെ കിണറ്റിലെ വെള്ളം മലിനമാകാൻ സാദ്ധ്യതയുണ്ടെന്നും ഒരു വന്യമൃഗമായ ആനയെ ജനവാസ ഗൃഹങ്ങളുടെ സമീപത്ത് സ്ഥിരമായി കെട്ടുന്നതുമൂലം ജനങ്ങൾ ഭയവിഹ്വലരാവുകയും അത് അവരുടെ മാനസികാരോഗ്യത്തെ ബാധിക്കുകയും ചെയ്യുന്ന സാഹചര്യമുള്ളതിനാലും ആനയുടെ വിസർജ്ജ്യ വസ്തുക്കൾ (പിണ്ഡം) കത്തിക്കുന്നതുമൂലം ശ്വാസകോശ രോഗങ്ങളും കിണർവെള്ളം മലിനമായി ജലജന്യരോഗങ്ങളും ഉണ്ടാകാൻ സാധ്യതയുള്ളതിനാലും ആനയെ മൃഗസംരക്ഷണ വകുപ്പിന്റെ അഭിപ്രായംകൂടി ആരാഞ്ഞ് മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി കെട്ടുന്നതിനുള്ള നിർദ്ദേശം നൽകാവുന്നതാണ് എന്നറിയിച്ചിരിക്കുന്നു."

## തദ്ദേശസ്വയംഭരണ വകുപ്പ്

"ഓച്ചിറ ഗ്രാമപഞ്ചായത്ത് 13-ാം വാർഡിൽ ജയന്തി കോളനിക്ക് വടക്ക് - കിഴക്ക് ഭാഗത്തായി പരാതിയിൽ പരാമർശിച്ചിരിക്കുന്ന വസ്തുവിൽ കഴിഞ്ഞ മൂന്ന് വർഷത്തോളമായി ആനകളെ കെട്ടുന്നില്ലായെന്ന് പരിസരവാസികളോട് അന്വേഷിച്ചതിലും സ്ഥലത്ത് നടത്തിയ അന്വേഷണത്തിലും ബോദ്ധ്യപ്പെട്ടതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

### കൃഷി വകുപ്പ്

"കഴിഞ്ഞ 11 വർഷങ്ങളായി ശ്രീ. സുകമാരന്റെ പുരയിടത്തിൽ കെട്ടിയിരുന്ന രണ്ട് ആനകളിൽ ഒരെണ്ണം കഴിഞ്ഞ വർഷം ചരിഞ്ഞതായും അവശേഷിക്കുന്ന ആനയെ ആലപ്പുഴ ജില്ലയിലേക്ക് മാറ്റിയിട്ടുള്ളതായും കഴിഞ്ഞ 3 മാസമായി പ്രസ്തുത സ്ഥലത്ത് ആനയെ കെട്ടാറില്ല എന്നും ഈ സാഹചര്യത്തിൽ പരാതിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾക്ക് പരിഹാരമുണ്ടായതായും മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

(ix) ജനവാസ കേന്ദ്രത്തിനടുത്ത് മൊബൈൽ ടവർ നിർമ്മിക്കുന്നതിനെതിരെ സത്യൻ നഗർ ആക്ഷൻ കൗൺസിലിനുവേണ്ടി ശ്രീ. വൈ. റോബിൻസൺ, പാപ്പനംകോട് സമർപ്പിച്ച നിവേദനം

(ഫയൽ നമ്പർ 5794/പരി.3/2014/നി.സെ.)

